PAN/4424/2019-J3(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**തിരുവനന്തപുരം, തീയതി :17/03/2020**

## സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ പ്രവർത്തനങ്ങൾ - സംബന്ധിച്ച്.

സൂചന:
1. ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 15.03.2020 തീയതിയിലെ വാർത്താകുറിപ്പ്
2. സർക്കാരിന്റെ 14.03.2020 തീയതിയിലെ സ.ഉ(സാധ ാ)നം.620/2020/തസ്വഭവ നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് കോവിഡ് 19 വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പ് " ബ്രേക്ക് ദ ചെയിൻ " ക്യാമ്പയിനിന് തുടക്കം കുറിച്ചിരിക്കുകയാണ്.ആയതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കോവിഡ് 19 വൈറസ് വ്യാപനം തടയുന്നതിനായി ആരോഗ്യവകുപ്പ് "ബ്രേക്ക് ദ ചെയിൻ" എന്ന ക്യാമ്പയിനിന് തുടക്കം കുറിച്ചിട്ടുണ്ട്. ഫലപ്രദമായി കൈകഴുകി വ്യക്തിശുചിത്വം പാലിച്ച് കോവിഡ് 19 വൈറസിന്റെ വ്യാപനം തടയുകയാണ് ക്യാമ്പയിനിന്റെ ലക്ഷ്യം .ആയതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പൊതുജനങ്ങൾ ബന്ധപ്പെടുന്ന സർക്കാർ /അർദ്ധസർക്കാർ , സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ക്യാമ്പയിൻ സംഘടിപ്പിക്കണം.എല്ലാ ആഫീസുകളിലും കവാടത്തോട് ചേർന്ന് "ബ്രേക്ക് ദ ക്യാമ്പയിൻ" കിയോസ്കുകൾ സ്ഥാപിച്ചുവെന്ന് ഉറപ്പുവരുത്തണം.
2. ബസ് സ്റ്റോപ്പുകൾ, മാർക്കറ്റുകൾ എന്നീ പൊതു ഇടങ്ങളിൽ "ബ്രേക്ക് ദ ചെയിൻ" ക്യാമ്പയിന്റെ ഭാഗമായി സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും അതിന്റെ ഉപയോഗം ഉറപ്പുവരുത്തുന്നതിനും , അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും യുവജനസംഘടനകൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തണം.
3. മേൽ കാര്യങ്ങൾ സമയബന്ധിതമായി ഓരോ വാർഡ് തലത്തിൽ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വാർഡ് ജനപ്രതിനിധിയുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, അംഗൻവാടി ജീവനക്കാർ എന്നിവരുടെ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും , ഗൗരവമുള്ള വിവരങ്ങൾ പഞ്ചായത്ത് മുഖേന ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ബന്ധപ്പെട്ട ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാർ എന്നിവരെ

അറിയിക്കേണ്ടതാണ്.വാർഡുതല കമ്മിറ്റികൾ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ഓരോ വാർഡിലും ഏകോപിപ്പിക്കേണ്ടതാണ്.

4. ദീർഘദൂരയാത്രകൾ ചെയ്തുവരുന്നവർ , വിദേശത്തുനിന്നും വരുന്നവർ, അന്യസംസ്ഥാനയാത്രചെയ്തുവരുന്നവർ എന്നിവർ 14 ദിവസത്തെ Quarantine/isolation നടപടി വീടുകളിൽ സ്വീകരിക്കുന്നുണ്ടോയെന്ന് വാർഡ് തല കമ്മിറ്റി അംഗങ്ങൾ പരിശോധിച്ച് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.
5. കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 14.03.2020 തീയതിലെ സൂചന(2) ഉത്തരവ് പ്രകാരം നടപടികൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും സ്വീകരിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതും , ജില്ലാതല പ്രവർത്തനങ്ങളിൽ ഡെപ്യൂട്ടി ഡയറക്ടർമാർ പങ്കാളികളാകേണ്ടതും , തദ്ദേശസ്ഥാപനതലത്തിൽ പ്രവർത്തനങ്ങൾ ദിവസേന വിലയിരുത്തേണ്ടതും ജില്ലാതലത്തിൽ ശ്രദ്ധയിൽപ്പെടുത്തേണ്ട വിവരങ്ങൾ കളക്ടറേയും ചുമതലയുള്ള ബഹു.മന്ത്രിയേയും അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
6. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ പഞ്ചായത്തിലെ കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളുടെ നോഡൽ ഓഫീസർമാരായി നിയോഗിക്കുന്നു.ഇവർ പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും പ്രധാന വിഷയങ്ങൾ ജില്ലാ കളക്ടർ, ജില്ലാമെഡിക്കൽ ഓഫീസർ, എന്നിവരുടെ ശ്രദ്ധയിൽ താമസംവിനാ കൊണ്ടുവരേണ്ടതുമാണ്.

ഡോ.പി.കെ.ജയശ്രീ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും- കൃത്യമായ മേൽനോട്ടത്തിനും റിപ്പോർട്ടിംഗിനുമായി
2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
3. എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും – ആവശ്യമായ അടിയന്തിരനടപടികൾക്കായി (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
5. സിസ്റ്റം മാനേജർ, പഞ്ചായത്ത് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ഫയൽ /കരുതൽ /അധികം